(4) കേരളാ ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് പുനരാരംഭിച്ച ബോക്സൈറ്റ് ഖനനം നിർത്തി വയ്ക്കണമെന്ന ആവശ്യം

ശ്രീ. എം. കുമാരൻ: സർ, എന്റെ മണ്ഡലത്തിലെ കിനാനൂർ-കരിന്തളം ഗ്രാമ പഞ്ചായത്തുകളിൽപ്പെട്ട കരിന്തളത്ത് ജനവാസ കേന്ദ്രത്തിൽ സംസ്ഥാന സർക്കാർ സ്ഥാപനമായ കേരളാ ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രൈവറ്റ് ലിമിറ്റഡ് ആരംഭിച്ച ബോക്സൈറ്റ് ഖനനം അവിടത്തെ ജനങ്ങളുടെ പ്രക്ഷോഭത്തെത്തുടർന്ന് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ അവിടെ ഒരു യോഗം വിളിച്ചുചേർത്തു. ആ യോഗത്തിൽ എം.പി., കാസർഗോഡ് ജില്ലയിലെ എം.എൽ.എ.-മാർ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരെല്ലാം പങ്കെടുത്തിരുന്നു. ആ യോഗ തീരുമാനത്തെത്തുടർന്ന് ഖനനം നിർത്തിവയ്ക്കാൻ തീരുമാനിച്ചു. ആ പ്രദേശത്തിലെ ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനുവേണ്ടി രാഷ്ട്രീയ പാർട്ടികളുടേയും ജനപ്രതിനിധികളുടേയും യോഗം വിളിച്ചുചേർത്ത് അത്തരം പ്രശ്നങ്ങൾ ഗൗരവമായി ചർച്ചചെയ്തതിനുശേഷം മാത്രമേ ഇനി അവിടെ ഖനനം തുടങ്ങൂ എന്നാണ് ഗവൺമെന്റിനുവേണ്ടി ജില്ലാ കളക്ടർ ഉറപ്പ് നൽകിയത്. എന്നാൽ ആ തീരുമാനത്തെ ലംഘിച്ചുകൊണ്ട് കെ.സി.സി.പി. ഇപ്പോൾ ഖനനം തുടങ്ങിയിരിക്കുകയാണ്. ഇപ്പോൾ കിനാനൂർ പഞ്ചായത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും നേതൃത്വത്തിൽ സമരങ്ങൾ ആരംഭിച്ചിരിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഈ കാര്യത്തിൽ ഇടപെടണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട മന്ത്രി ഇടപെടുന്ന സമയത്ത് അവിടത്തെ രാഷ്ട്രീയ പാർട്ടികളുടേയും ജനപ്രതിനിധികളുടേയും യോഗം വിളിച്ചുചേർത്ത് ജനങ്ങളുടെ ആശങ്കകൾ അകറ്റണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഖനനം നിർത്തിവയ്ക്കാൻ ഓർഡർ കൊടുക്കുന്ന കാര്യം പരിഗണിക്കുമെന്ന് പറഞ്ഞിരുന്നു. ഇന്ന് അവിടെ എ.ഐ.വൈ.എഫ്., ഡി.വൈ.എഫ്.ഐ. സംഘടനകളുടെ നേതൃത്വത്തിൽ വിപുലമായ സമരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. അവിടെ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചിരിക്കുന്ന സ്ഥിതിക്ക് അതിൽ ഗവൺമെന്റ് ഇടപെട്ടുകൊണ്ട് സമരം അവസാനിപ്പിക്കാനും ഖനനം നിർത്തിവയ്ക്കാനും ഒരു ദിവസം നിശ്ചയിച്ചുകൊണ്ട് എല്ലാപേരേയും വിളിച്ച് ചർച്ച നടത്തി പരിഹാരം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഖനനം നടക്കുന്നത് വളരെ വിജനമായ പ്രദേശത്താണ്. ഇവിടെ നിന്നും ഖനനം ചെയ്യുന്ന ലാറ്ററൈറ്റ് പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് ആണ് ഉപയോഗിക്കുന്നത്. ഇതിന്റെ പ്രവർത്തനം നിർത്തിവച്ചാൽ പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ പ്രവർത്തനത്തേയും പ്രതികൂലമായി ബാധിക്കും. ഖനനം നിർത്തി വയ്ക്കാൻ ഗവൺമെന്റിന് തൽക്കാലം സാധിക്കുകയില്ല. അതേ സമയം എന്തെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങളോ ജനങ്ങൾക്ക് മറ്റെന്തെങ്കിലും ബുദ്ധിമുട്ടോ ഉണ്ടാകുന്നില്ലായെന്ന് ഉറപ്പുവരുത്തുക എന്നുള്ളത് സർക്കാരിന് നിർബന്ധമുണ്ട്. ഇക്കാര്യം ചർച്ച ചെയ്യുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മെമ്പറുടെ സബ്മിഷൻ കിട്ടിയയുടനെ മീറ്റിംഗ് അറേഞ്ച് ചെയ്തിട്ടുണ്ട്. ഇന്നലെ രാത്രി ജില്ലാ കളക്ടറെ വിളിച്ചിരുന്നു. ഈ മാസം 22-ാം തീയതിക്കുള്ളിൽ എം.പി., എം.എൽ.എ.-മാർ, മറ്റ് ജനപ്രതിനിധികൾ തുടങ്ങി എല്ലാപേരേയും പങ്കെടുപ്പിച്ചുകൊണ്ട് യോഗം നടത്തി എന്തെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടെങ്കിൽ പരിഹരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഖനനം നിർത്തിവച്ചാൽ മലബാർ സിമന്റ് സിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും, ആ സ്ഥാപനം പൂട്ടേണ്ടിവരും. മാത്രമല്ല, ഖനനം നടത്തുന്നത് പൊതുമേഖലയിലുള്ള കേരളാ ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് ആണ്.

(5) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുള്ള സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് സ്കൂളുകളായി മാറ്റണമെന്നും കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കേണ്ട ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്നുമുള്ള ആവശ്യം

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, കേരളത്തിൽ ഏതാണ്ട് 8 ലക്ഷത്തോളം ബുദ്ധിമാന്ദ്യം സംഭവിച്ച ആളുകൾ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ബുദ്ധിയുടെ അളവ് അല്പം കുറവാണെങ്കിലും സാധാരണക്കാരെപ്പോലെ ജീവിക്കാനും സാമൂഹികമായ നീതി ലഭിക്കാനും അവകാശപ്പെട്ടവരാണ് അവർ. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുവേണ്ടിയുള്ള കേരളത്തിലെ സ്പെഷ്യൽ സ്കൂളുകൾ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിലായിരുന്നു. ആൾ കേരള സ്പെഷ്യൽ സ്കൂൾ അസോസിയേഷന്റെ ആവശ്യം അനുസരിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ മാറ്റിയത് സ്വാഗതാർഹമായ കാര്യമാണ്. അതിൽ വളരെ സന്തോഷമുണ്ട്. കുട്ടികൾക്കുവേണ്ടി ആരംഭിച്ച സ്പെഷ്യൽ സ്കൂളുകൾ അനുഭവിക്കുന്ന ചില പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. എല്ലാ സ്പെഷ്യൽ സ്കൂളുകളേയും എയ്ഡഡ് സ്കൂളുകളാക്കി മാറ്റാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കണം. എല്ലാ കാലഘട്ടങ്ങളിലും സ്പെഷ്യൽ സ്കൂളുകളുടെ ഏത് മീറ്റിംഗിന് പോയാലും മാനേജുമെന്റ് എപ്പോഴും ആവശ്യപ്പെടുന്ന ഒരു കാര്യമാണ് ഇത്. ധാരാളം നിവേദനങ്ങൾ ഇതു സംബന്ധിച്ച് ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. ദയവായി എയ്ഡഡ് സ്കൂളുകളെ സ്പെഷ്യൽ സ്കൂളുകളാക്കി പ്രഖ്യാപിക്കാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ കേരള സർക്കാർ സ്പെഷ്യൽ സ്കൂളുകൾക്കുവേണ്ടി നൽകുന്ന എല്ലാ ഗ്രാന്റുകളും ആനുകൂല്യങ്ങളും അതാതു സമയത്ത് ലഭിക്കുന്നില്ലായെന്നുള്ള പരാതിയുമുണ്ട്. പ്രത്യേകിച്ച് കേന്ദ്ര ഗവൺമെന്റ് നൽകുന്ന ആനുകൂല്യങ്ങളും ഗ്രാന്റുകളും സമയാസമയം എത്തിച്ചുകൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. എല്ലാപേരേയും ഒരേപോലെ കാണപ്പെടേണ്ടവരാണ് എന്നുള്ളതുകൊണ്ട് സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾക്കെല്ലാം ഭക്ഷണവും യൂണിഫോമും പഠനോപകരണങ്ങളുമൊക്കെ പ്രായഭേദമെന്യേ കൊടുക്കാൻ തയ്യാറാകണം. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെ സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ സമയത്തിന് ലഭ്യമാകുന്നില്ലായെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly